# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.693 — 29/05/2019-ൽ മറുപടിക്ക്

## കായംകുളം കെ.എസ്.ഇ.ബി.(കിഴക്ക് സെക്ഷൻ)-ന് പുതിയ കെട്ടിടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി യു. പ്രതിഭ** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| | കായംകുളം കെ.എസ്.ഇ.ബി. (കിഴക്ക് സെക്ഷൻ)-ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | | കായംകുളം വില്ലേജിൽ കെ.എസ്.ഇ.ബി, ലിമിറ്റഡിന് സ്വന്തമായുള്ള 17 സെന്റ് സ്ഥലത്ത് കായംകുളം ഇലക്ട്രിക്കൽ സബ് ഡിവിഷനാഫീസും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനാഫീസും പ്രവർത്തിക്കുന്നതിന് 262.39 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഇരുനില കെട്ടിടം പണിയുന്നതിന് 28/06/2018-ൽ 81 ലക്ഷം രൂപയുടെ ഭരണാനുമതി ബോർഡ് നല്കിയിരുന്നു.<br><br>പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് അവാർഡ് ചെയ്യുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. അവിടെ നിലവിലുള്ള പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

Apsara
സെക്ഷൻ ഓഫീസർ

?